ഉത്തരം

(എ) സ്പെയർപാർട്സുകളുടെ അഭാവത്താൽ ഇപ്പോൾ ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാത്ത അവസ്ഥയില്ല.

(ബി) ആവശ്യത്തിനുള്ള സ്പെയർപാർട്സുകൾ ഇപ്പോൾ നൽകുന്നുണ്ട്.

തണ്ണിത്തോട്-എറണാകുളം റൂട്ടിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

70[1381] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽനിന്നും എറണാകുളത്തേയ്ക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം കെ. എസ്. ആർ. ടി. സി. പരിഗണിച്ചിട്ടുണ്ടോ;

(ബി) തണ്ണിത്തോട്-എറണാകുളം റൂട്ടിൽ ഒരു കെ. എസ്. ആർ. ടി.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സ് സർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കണമെന്ന് കാണിച്ചുള്ള അപേക്ഷകൾ യാതൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കരുമാംതോട്-തണ്ണിത്തോട് വഴി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് ഓർഡിനറി സർവ്വീസ് തുടങ്ങാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

അത്തോളിവഴി കുറ്റ്യാടി-തൊട്ടിൽപ്പാലം റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ

71 [1382] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും അത്തോളിവഴി കുറ്റ്യാടി-തൊട്ടിൽപ്പാലം റൂട്ടിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ചില ബസ്സുകൾ രാത്രികാലത്ത് കൂടുതൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) തൊട്ടിൽപ്പാലത്ത് നിന്ന് എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23 സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ രാത്രി കാലങ്ങളിലും സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) 21 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്.

പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

72 [1383] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടുകാർ അധിവസിക്കുന്ന റാന്നിയിൽ നിന്നും പത്തനംതിട്ട-ശിവകാശി വഴി മധുരയ്ക്ക് ഒരു ഇന്റർസ്റ്റേറ്റ് സൂപ്പർ ഫാസ്റ്റ് അനുവദിക്കുമോ;

(ബി) ബാംഗ്ളൂർക്ക് സർവ്വീസില്ലാത്ത ഏക ജില്ലയായ പത്തനംതിട്ടയിൽ നിന്നും റാന്നി, കോട്ടയം, പാലാ, തൊടുപുഴ, മൂവാറ്റുപുഴ വഴി ബാംഗ്ളൂർക്ക് ഒരു ഹൈടെക് ബസ്സ് സർവ്വീസ് ആരംഭിക്കുമോ;

(സി) തേക്കടിയിൽ നിന്നും റാന്നി, പത്തനംതിട്ട, അടൂർ വഴി തിരുവനന്തപുരത്തേയ്ക്ക് വൈകുന്നേരം ഒരു സൂപ്പർ എക്സ്പ്രസ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പത്തനംതിട്ട ജില്ലയിലെ കിഴക്കൻ മലയോര മേഖലയായ പമ്പാവാലി, ചിറ്റാർ, ആങ്ങമൂഴി, സീതത്തോട് എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കോട്ടയം മെഡിക്കൽ കോളേജിലും മറ്റും പോകുവാൻ കഴിയുംവിധം എരുമേലി ഡിപ്പോയിൽ നിന്നും ഒരു ഓർഡിനറി സർവ്വീസ് ചിറ്റാർ, സീതത്തോട്, പമ്പാവാലി വഴി എരുമേലിയിലേയ്ക്ക് തുടങ്ങുമോ;

(ഇ) റാന്നി മേഖലയിലെ ജനങ്ങൾക്ക് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് പോകുവാൻ കഴിയുംവിധം മണിമല, കൊട്ടത്തൂർ വഴി രാവിലെ 6 മണിക്ക് റാന്നിയിൽ നിന്നും, വൈകുന്നേരം തിരിച്ച് 6 മണിയ്ക്ക് മെഡിക്കൽ കോളേജിൽ നിന്നും റാന്നിയിലേയ്ക്കും സർവ്വീസ് നടത്താൻ കഴിയും വിധം ഒരു സ്റ്റേ ബസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി-പത്തനംതിട്ട ശിവകാശി വഴി മധുരയ്ക്ക് ഉള്ള സർവ്വീസ് തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഉടൻ ആരംഭിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly